## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2003** **04.11.2019-** ൽ മറുപടിയ്ക്ക്

### ഇറാൻ പിടിച്ചെടുത്ത ബ്രിട്ടീഷ് കപ്പലിലെ മലയാളികളുടെ മോചനത്തിന് നടപടികൾ

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഇറാൻ പിടിച്ചെടുത്ത ബ്രിട്ടീഷ് കപ്പലിൽ ഉണ്ടായിരുന്ന മലയാളികളുടെ മോചനത്തിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; അറിയിക്കുമോ; | എ)യും ബി)യും | ഇറാൻ പിടിച്ചെടുത്ത ബ്രിട്ടീഷ് കപ്പലിലെ മലയാളികളെ മോചിപ്പിച്ച് നാട്ടിൽ തിരികെ എത്തിക്കുന്നതിനുള്ള സഹായം അഭ്യർത്ഥിച്ചുകൊണ്ട് 21.07.2019 തീയതിയിൽ മുഖ്യമന്ത്രി, ബഹു.കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് കത്തയച്ചിരുന്നു. കപ്പലിൽ കുടുങ്ങിക്കിടക്കുന്ന എല്ലാ ഇൻഡ്യൻ പൗരൻമാരുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് മുൻഗണന നൽകിക്കൊണ്ട് ടിയാളുകളെ മോചിപ്പിച്ച് നാട്ടിൽ തിരികെ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി 08.08.2019 തീയതിയിലെ കത്ത് പ്രകാരം ബഹു.കേന്ദ്ര വിദേശകാര്യ മന്ത്രി അറിയിച്ചിരുന്നു. |
| ബി) | പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്രം എന്തൊക്കെ നടപടികൾ കൈക്കൊണ്ടുവെന്ന് അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**